# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 297** — **02.03.2020 - ൽ മറുപടിക്ക്.**

## ഭക്ഷ്യധാന്യങ്ങൾ നശിക്കുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യധാന്യങ്ങൾ യഥാസമയം റേഷൻകടകൾ വഴി വിതരണം ചെയ്യാത്തതു മൂലം അവ നശിച്ചുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗോഡൗണുകളിലെ സ്ഥല പരിമിതി, റേഷൻ സാധനങ്ങൾ അട്ടിയിട്ട് സൂക്ഷിക്കുന്നതിനുള്ള അസൗകര്യം എന്നിവ കാരണം പലപ്പോഴും ആദ്യം വന്ന സ്റ്റോക്ക് ആദ്യം വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. തന്മൂലം ചില ഗോഡൗണുകളിലും റേഷൻ കടകളിലും റേഷൻ സാധനങ്ങൾ നശിച്ച പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (ബി) എൻ.എഫ്.എസ്.എ ഗോഡൗണുകളിലും റേഷൻ കടകളിലും FIFO സമ്പ്രദായം കർശനമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും, കൂടാതെ ഗോഡൗണുകൾ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ സ്വന്തമായി 6 ഗോഡൗണുകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിനും, സ്വകാര്യ വ്യക്തികൾ 13 ഗോഡൗണുകൾ ശാസ്ത്രീയമായി നിർമ്മിച്ച് സപ്ലൈകോയ്ക്ക് നൽകുന്നതിനും നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ, സ്ഥലപരിമിതിയുള്ള റേഷൻ കടകളുടെ സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇത് പരിഹരിക്കുന്നതിന് മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) നിലവിൽ വകുപ്പ് തലത്തിൽ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ) എന്നിവരടങ്ങുന്ന വിജിലൻസ് വിംഗും, സർക്കാരിന്റെ സംസ്ഥാനതല പരിശോധന വിംഗും നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, |

സപ്ലൈകോയിലെ പരിശോധന വിഭാഗം തുടങ്ങിയവരും പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**